**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5803** **02.07.2019-ൽ മറുപടിക്ക്**

# അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ/സാമൂഹിക സുരക്ഷിതത്വം

**ചോദ്യം**

**ശ്രീ. കെ. ദാസൻ**
**ശ്രീ. സി.കൃഷ്ണൻ**
**ശ്രീ. എൻ. വിജയൻ പിള്ള**
**ശ്രീ. സി.കെ. ഹരീന്ദ്രൻ**

**മറുപടി**

**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വവും സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) അസംഘടിത തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയാണ് സർക്കാർ 02/02/2016-ലെ സ.ഉ(അച്ചടി) നം.24/2016/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന് രൂപം നല്കിയത്. പ്രസ്തുത ബോർഡിൽ അംഗങ്ങളാകുന്നവർക്ക് പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാപെൻഷൻ, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവ ആനുകൂല്യം, വിവാഹ ധനസഹായം മരണാനന്തര ധനസഹായം, അപകട ആനുകൂല്യം, വിവാഹ വായ്പാ ധന സഹായം, വീട് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള വായ്പാ ധനസഹായം, സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പു വരുത്തുന്നതിനും സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് ബാങ്ക് വഴി വേതനം നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉടമയിൽ നിന്നും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നതിനും അവരുടെ തൊഴിൽ ഉയർച്ചയ്ക്കുള്ള സാധ്യതക്കുറവ് പരിഹരിക്കുന്നതിനും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | ഇക്കാര്യത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും നടപടി സ്വീകരിക്കാൻ വ്യവസ്ഥയില്ല. തൊഴിലാളികൾക്ക് തൊഴിലുടമയിൽ നിന്ന് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നതിന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സ്ഥാപനങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**